# ഹമദാനിയ

# അപ്പർ പ്രൈമറി സ്കൂൾ

# അഴീക്കോട്




# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025 - 2026

കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

# എച്ച്.യു.പി.എസ് പൊയ്‌ലിങ്ങപറമ്പ്

## സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം

**അക്കാദമിക മാസ്റ്റർ പ്ലാൻ**

**2025 - 26**



# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമികവും ഭൗതികവുമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു അക്കാദമി മാസ്റ്റർ പ്ലാൻ വിപുലപ്പെടുത്തുകയാണ്. ഓരോ വിദ്യാലയങ്ങളും. എല്ലാ പൊതുവിദ്യാലയങ്ങളിലും ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തെ മുൻനിറുത്തിയാണ് ഓരോ അക്കാദമിക വർഷത്തിലും മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. ഈ സംരംഭത്തെ പൊതുസമൂഹം ഏറെ പ്രതീക്ഷകളോടെയാണ് നോക്കി കാണുന്നത്. ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാതു തലങ്ങളിലുള്ള പഠന നേട്ടങ്ങൾ ഉറപ്പിക്കാൻ തക്ക പ്രവർത്തനങ്ങളും, ഒപ്പം നൂതന സങ്കേതങ്ങളും പരമാവധി പ്രയോജനപ്പെടുത്തുന്നു. പഠനം കൂടുതൽ ആസ്വാദ്യകരമാക്കാൻ ഉതകുന്ന പഠനാന്തരീക്ഷവും മാസ്റ്റർ പ്ലാനിലൂടെ സൃഷ്ടിക്കപ്പെടുന്നു. എല്ലാ വിദ്യാഭ്യാസ പ്രവർത്തനങ്ങളും മികച്ച രീതിയിൽ ഏറ്റെടുക്കുന്ന വിദ്യാലയമാണ് ഹമദാനിയ യു.പി.സ്കൂൾ. സ്കൂൾ മാനേജ്മെന്റിന്റേയും പൊതുസമൂഹത്തിന്റെയും രക്ഷിതാക്കളുടേയും പിന്തുണ നേടികൊണ്ട് വളർന്നുകൊണ്ടിരിക്കുകയാണ് നമ്മുടെ വിദ്യാലയം. അതിന് കരുത്തുപകരാൻ ഏറെ സഹായകമായ രീതിയിലാണ് മാസ്റ്റർ പ്ലാൻ ഒരുക്കിയിട്ടുള്ളത് എന്ന വിശ്വാസത്തോടെ അഭിമാനപൂർവ്വം സമർപ്പിക്കുന്നു.

| പിടിഎ പ്രസിഡന്റ് | എസ് ആർജി കൺവീനർ | ഹെഡ്മിസ്ട്രസ് |
|---|---|---|
| **സുറുമി** | **കെ ഡി ലൈജു** | **ടി രമ** |

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | ഹമ്മദാനിയ എൽ.പി. യു.പി സ്കൂൾ |
| മേൽവിലാസം | : | അഴീക്കോട് പി ഒ<br>കൊടുങ്ങല്ലൂർ<br>പിൻ : 680 666<br>തൃശ്ശൂർ |
| ഫോൺ | : | 0 4 8 0 2 8 1 5 7 9 2 |
| സ്കൂൾ കോഡ് | : | 23447 |
| വിദ്യാഭ്യാസ ഉപജില്ല | : | കൊടുങ്ങല്ലൂർ |
| വിദ്യാഭ്യാസ ജില്ല | : | ഇരിങ്ങാലക്കുട |
| റവന്യൂ ജില്ല | : | തൃശ്ശൂർ |
| ബി.ആർ.സി | : | കൊടുങ്ങല്ലൂർ |
| സി.ആർ.സി | : | അഴീക്കോട് |
| പഞ്ചായത്ത് | : | എറിയാട് |
| താലൂക്ക് | : | കൊടുങ്ങല്ലൂർ |
| നിയമസഭാ മണ്ഡലം | : | കൈപ്പമംഗലം |
| ലോകസഭാ മണ്ഡലം | : | ചാലക്കുടി |
| വില്ലേജ് | : | അഴീക്കോട് |
| ഇമെയിൽ വിലാസം | : | hupspoylingaparambu@gmail.com |
| സ്കൂൾ വിക്കി | : | 23447 |
| യൂ.ട്യൂബ് | : | hupspoylingaparambu |

# പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികൾക്കും ഭാഷകൾ കൈകാര്യം ചെയ്യാനുള്ള കഴിവ് ഉറപ്പു വരുത്തുക.
- കുട്ടികളുടെ കഴിവ്, അഭിരുചി എന്നിവയ്ക്ക് പരമാവധി പ്രോത്സാഹ നവും പരിശീലനവും ലഭ്യമാക്കുക.
- വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുവാൻ ആവശ്യമായ പ്രവർ ത്തനങ്ങൾ ഒരുക്കുന്നു.
- ആധുനിക സാങ്കേതിക വിദ്യകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറി കളിൽ പ്രയോജനപ്പെടുത്തുക.
- സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ആധുനികവൽക്കരിക്കും.
- സി.പി.ടി.എ, കോർണർ പിടിഎ എന്നിവ കൃത്യസമയങ്ങളിൽ ചേരുന്നു.

# ചരിത്ര വഴികളിലൂടെ ..... ഹമദാനിയ സ്കൂൾ

## ചരിത്രം

കേരളത്തിന്റെ സമഗ്രമായ ഒരു വിദ്യാഭ്യാസ ചരിത്രം എഴുതപ്പെട്ടിട്ടില്ല. കേരളത്തിൽ അങ്ങോളമിങ്ങോളം ചിതറിക്കിടക്കുന്ന സ്കൂൾ ശൃംഗലയുടെ വളർച്ച അടുത്തകാലത്ത് കണ്ടിട്ടുള്ള ഏറ്റവും വലിയ സാമൂഹ്യമായ അധ്വാനത്തിന്റെ ഫലമാണ്. ഈ അദ്ധ്വാനത്തിന്റെ പടവുകൾ നമ്മുടെ നാട്ടിലുള്ള ഓരോ സ്കൂളുകളുടെയും വളർച്ചയിലും കാണാൻ കഴിയും. ഒരർത്ഥത്തിൽ സ്കൂളിന്റെ ചരിത്രം നാടിന്റെ ചരിത്രം കൂടിയാണ്.

തൃശ്ശൂർ ജില്ലയുടെ തെക്ക് പടിഞ്ഞാറ് കോണിൽ പടിഞ്ഞാറ് അറബിക്കടലും, തെക്ക് കായലും അതിടുന്ന അഴീക്കോട് എന്ന് പേരിൽ അറിയപ്പെടുന്ന തീരദേശ ഗ്രാമം. ഈ ഗ്രാമപ്രദേശത്ത് പുത്തൻപള്ളി ജംഗ്ഷനിൽ നിന്നും പടിഞ്ഞാറോട്ട് ഒരു കിലോമീറ്ററോളം കഴിഞ്ഞാൽ റോഡിന് തെക്കുഭാഗത്തുള്ള ഇടറോഡിലൂടെ പിന്നിടുമ്പോൾ ചെന്നെത്തുന്ന സ്ഥാപനമാണ് ഹമദാനിയ എൽ.പി & യു.പി സ്കൂൾ. ഈ വിദ്യാലയം ഇന്നത്തെ നിലയിൽ പ്രവർത്തിക്കാൻ തുടങ്ങിയിട്ട് 47 വർഷം പിന്നിടുന്നു.

ആദ്യകാലങ്ങളിൽ തുരുത്ത് പോലെ ഉണ്ടായിരുന്ന ഈ പ്രദേശത്തെ വിദ്യാഭ്യാസം വളരെ ശോചനീയമായിരുന്നു. സ്കൂൾ വിദ്യാഭ്യാസത്തിനു വേണ്ടി ഒരു സ്ഥാപനം ഈ പ്രദേശത്ത് ഉണ്ടായിരുന്നില്ല. അഴീക്കോട് ജെട്ടിയിൽ സ്കൂൾ ഉണ്ടായിരുന്നെങ്കിലും അങ്ങോട്ടുള്ള യാത്രക്ലേശം മൂലം രക്ഷിതാക്കൾ അവിടേക്ക് കുട്ടികളെ അയക്കാൻ മടിച്ചിരുന്നു.

ഈ സന്ദർഭത്തിലാണ് മലബാറിൽ നിന്നും വന്ന ഒരു മുസ്ലിം പണ്ഡിതൻ അബ്ദുല്ല മൗലവി, അദ്ദേഹത്തിന്റെ മനസ്സിൽ ഈ പ്രദേശത്തെക്കുറിച്ചും ഇവിടത്തെ കുട്ടികളുടെ വിദ്യാഭ്യാസത്തെക്കുറിച്ചും പ്രയാസമുണ്ടായി. ശേഷം ഈ വിഷയത്തെക്കുറിച്ച് ചിന്തിക്കുകയും വിഷയം ചർച്ചയ്ക്ക് വയ്ക്കുകയും

ചെയ്തു. അദ്ദേഹം ഈ പ്രദേശത്തുണ്ടായ ഹമദാനിയ പള്ളിയുമായി വർത്തിക്കുന്ന ഹമദാനിയെ സംഘവുമായി ചർച്ച ചെയ്തു. ഇതായിരുന്നു സ്കൂളിന് ബീജാവാപം നൽകിയ ആദ്യത്തെ സംഭവം.

ചർച്ചകൾക്കും തീരുമാനമാനങ്ങൾക്കുമൊടുവിൽ 1975 കാലഘട്ടങ്ങളിൽ സ്കൂൾ ആരംഭിക്കുകയാണ്. ആരംഭിച്ച വർഷം നിയമനം കിട്ടിയിരുന്നില്ല. 1976ൽ അംഗീകാരം ലഭിക്കുകയും ചെയ്തു. സ്കൂൾ ആരംഭിച്ചപ്പോൾ നാല് അധ്യാപകർ ആയിരുന്നു ഉണ്ടായിരുന്നത് സ്കൂൾ തുടങ്ങിയ വർഷം ഒന്നാം ക്ലാസിൽ നൂറിൽ കൂടുതൽ കുട്ടികൾ അഡ്മിഷൻ നേടിയിരുന്നു. സ്കൂളിന്റെ ശിലാസ്ഥാപനകർമ്മം ജ:ചാക്കിരി അഹമ്മദ് കുട്ടി, ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പ് മന്ത്രി 21.03.1976ൽ നിർവഹിച്ചു. അംഗീകാരം കിട്ടിത്തുടങ്ങുമ്പോൾ 1, 2 ക്ലാസുമായിട്ടാണ് ആരംഭം. പിന്നീട് മൂന്ന് നാല് ക്ലാസ്സുകളായി, നാലിൽ നിന്ന് 10 അധ്യാപകരായി. സ്കൂളിലേക്ക് കുട്ടികളെ വിടാൻ മടിച്ചിരുന്ന അക്കാലത്ത് അധ്യാപകരുടെ ഗൃഹ സന്ദർശനം ഏറെ പ്രയോജനപ്പെട്ടിരുന്നു.

1984ൽ സ്കൂൾ അപ്ഗ്രേഡ് ആകുന്നത് ഏകദേശം 710 കുട്ടികൾ ആ കാലഘട്ടത്തിൽ ഉണ്ടായിരുന്നു. 195-ൽ അത് ആയിരത്തിൽ അധികമായി. നിറയെ കുട്ടികളുമായി സ്കൂൾ നല്ല നിലയിൽ പോയിക്കൊണ്ടിരുന്ന സമയത്ത്, 1998 മുതൽ കുട്ടികൾ കുറയാൻ തുടങ്ങി. ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ സമീപപ്രദേശങ്ങളിൽ തലപൊക്കിയതാണ് ഇതിന് കാരണം.

അന്ന് സ്കൂളിൽ മലയാളം മീഡിയം മാത്രമാണ് ഉണ്ടായിരുന്നത്. കുട്ടികൾ കുറഞ്ഞതിനാൽ രണ്ട് അധ്യാപകർ ഔട്ട് ആയിട്ട് പുറത്തു പോകേണ്ടിയും വന്നു. പിന്നീട് ഇംഗ്ലീഷ് മീഡിയം തുടങ്ങുകയും ചെയ്തു.

സ്കൂൾ തുടങ്ങിയ വർഷം ഉച്ചഭക്ഷണം ഉണ്ടായിരുന്നില്ല. അംഗീകാരം ലഭിച്ചതിനുശേഷം ആണ് ഉച്ചഭക്ഷണം അനുവദിച്ചു തുടങ്ങിയത്. 1995ലാണ് നഴ്സറി ആരംഭിക്കുന്നത്. ഇപ്പോൾ എൽകെജി, യുകെജി എന്നിങ്ങനെ രണ്ട് ക്ലാസുകളും രണ്ട് അധ്യാപകരും രണ്ട് ആന്റിമാരും നഴ്സറിയിൽ വർക്ക് ചെയ്യുന്നു.

കുട്ടികളുടെ അനുപാതത്തിൽ വന്ന വ്യത്യാസം ഡിവിഷൻ ഫോളി ലേക്ക് നയിക്കുകയും എല്ലാ ക്ലാസ്സുകളും ഒറ്റ ഡിവിഷനായി മാറുകയും ചെയ്തു. പിന്നീട് 2014ൽ ഇംഗ്ലീഷ് മീഡിയം ആരംഭിക്കുകയും സ്കൂളിലെ മെച്ചപ്പെടലുകളും കൂടി കുട്ടികളുടെ അനുപാതത്തിൽ കുറവ് വന്നതിനും ഡിവിഷനുകൾ തിരിച്ചുപിടിക്കുകയും ചെയ്തു. ഏഴാം ക്ലാസ് വരെ എല്ലാ ക്ലാസ്സുകളും രണ്ട് ഡിവിഷനായി മാറുകയും ചെയ്തു.

2024-25 അധ്യയനവർഷത്തിൽ ഹമദാനിയ സ്കൂളിൽ അംഗീകാരം ലഭിച്ച 13 അധ്യാപകരും 5 അംഗീകാരം ലഭിക്കാത്ത അധ്യപകരും ഒരു അനധ്യാപകനും കൂടി 19 ജീവനക്കാർ നിലവിൽ സ്കൂളിലുണ്ട്.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗണിതം

**STD : LP**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ❖ ഗണിത പഠനം രസകരമാക്കൽ, ചതുഷ്ക്രിയകൾ ലളിതമാക്കൽ. | ശിൽപ്പശാല ലേക്കൽ text ഉപയോഗപ്പെടുത്തുന്നു. | ആഗസ്റ്റ് | ടീച്ചർ | P.T.A |
| ❖ ഗണിത ചിന്താശേഷി വളർത്തൽ<br>❖ നിർമ്മാണ പ്രവർത്തനങ്ങളും കളികളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | പഠനോപകരണ നിർമ്മാണം | ജൂൺ ഒക്ടോബർ | ടീച്ചർ | Teachers |

# അക്കാദമിക് മാസ്റ്റർപ്ലാൻ

## മലയാളം

**STD : LP**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ❖ നാടൻ ഭക്ഷണം പരിചയപ്പെടൽ | ❖ ഭക്ഷ്യമേള<br>❖ പാചകക്കുറിപ്പ് പതിപ്പ് നിർമ്മാണം<br>❖ ക്ലാസിലൊരു സദ്യ | | | |
| ❖ മലയാള സാഹിത്യകാരന്മാരെ പരിചയപ്പെടൽ | **ഓർക്കാം അഭിമാനിക്കാം സാഹിത്യകാരന്മാർ**<br>❖ വിവിധ മലയാള സാഹിത്യകാരന്മാരുടെ പ്രൊഫൈൽ പ്രദർശനം | നവംബർ ഡിസംബർ | 4 ടീച്ചേഴ്സ് | പിടിഎ |
| ❖ കലാരൂപങ്ങൾ പരിചയപ്പെടൽ | **കലാരൂപങ്ങളിലൂടെ**<br>❖ കലാരൂപങ്ങളുടെ പ്രദർശനം | നവംബർ ഡിസംബർ | ടീച്ചേഴ്സ് | പിടിഎ |

## അക്കാദമിക് മാസ്റ്റർപ്ലാൻ

# EVS

**STD : LP**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ❖ പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | ❖ മിയോവാക്കി വനത്തിലേക്കൊരു യാത്ര.<br>മൂന്നാം ക്ലാസിലെ ഹരിത ഭൂമി, നാലാം ക്ലാസിലെ ജീവികളും ചുറ്റുപാടും എന്നീ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പ്. | ഒരു പ്രാവശ്യം | 3, 4 ടീച്ചേഴ്സ് | ടീച്ചേഴ്സ് |
| ❖ ശാസ്ത്രാവബോധം വളർത്തൽ, ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപ്പര്യം ജനിപ്പിക്കൽ. | ❖ ശാസ്ത്ര വർക് ഷോപ്പ്.<br>❖ എക്സ്പിരിമെന്റ്, ജിക്സോ ഭൂപട നിർമ്മാണം | ഒക്ടോബർ ഡിസംബർ | 3, 4 ടീച്ചേഴ്സ് | ടീച്ചേഴ്സ് പിടിഎ |

## അക്കാദമിക് മാസ്റ്റർപ്ലാൻ

**ENGLISH**

**STD : LP**

| Aim | Activity | Month | In charge |
|---|---|---|---|
| ❖ To encourage Listening and Speaking. | ❖ Engage with simple stories and rhymes and songs.<br>❖ Practicing identifying sounds and words.<br>❖ Developing listening comprehension. Like picture matching and sequencing. | June to August | English Teacher |
| ❖ Reading and Writing | ❖ Introducing alphabet and phonic sounds.<br>❖ Introducing letter formation and sentence writing.<br>❖ Introducing self introduction.<br>❖ Writing 4 line copy. | June to August | English Teacher |
| ❖ To encourage communication skill | ❖ Oral practice of self introduction, role plays, simple stories, simple conversation.<br>❖ Class manners.<br>Eg: May I go to washroom?<br>: May I get in? | September to November | English Teachers |

| | | | |
|---|---|---|---|
| | : Can I borrow a pencil? ..etc<br>❖ Simple grammar | | |
| ❖ Develop writing skill | ❖ Add more lines to the songs/ rhymes.<br>❖ Complete the story<br>❖ Simple story writing with the help of picture card.<br>❖ Usage of is, are, I, am, an, a, the ....etc. | December to January | English Teachers |

# അക്കാദമിക് മാസ്റ്റർപ്ലാൻ

## മലയാളം

**STD : UP**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ❖ പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുന്നതിന് | ❖ നവ മാധ്യമങ്ങളുടെ സഹായത്താൽ സ്കീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ/മെന്ററിംഗ് ഗ്രൂപ്പ് തലത്തിൽ മികച്ച വായനക്കാരെ കണ്ടെത്തുന്നു.<br>❖ എല്ലാ മാസവും പത്രവാർത്തയെ അടിസ്ഥാനമാക്കി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. | വർഷം മുഴുവനും<br>പ്രതിമാസം | എല്ലാ അധ്യാപകരും | |
| ❖ മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം | ❖ തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് മലയാളം ടൈപ്പിംഗ് പരിശീലിപ്പിക്കുന്നു. | ഒരു വർഷം | ഐടി അധ്യാപിക | |
| ❖ കുട്ടികളിലെ സർഗ്ഗാത്മകത പരിപോഷിപ്പിക്കുന്നതിന് | ❖ കുട്ടികളുടെ രചനകളും വാർത്തകളും ഉൾക്കൊള്ളുന്ന സ്കൂൾ പത്രം പ്രസിദ്ധീകരിക്കുന്നു.<br>❖ കുട്ടികളുടെ സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളുന്ന സ്കൂൾ മാഗസിൻ 'ഫുക്കുവോക്ക' വർഷാവസാനം തയ്യാറാക്കി പുറത്തിറക്കുന്നു. | എല്ലാ മാസവും<br>വർഷാവസാനം | എല്ലാ അധ്യാപകരും<br>വിദ്യാരംഗം സാഹിത്യ വേദി കൺവീനർ & മലയാളം അധ്യാപകർ | പിടിഎ & സ്റ്റാഫ്<br>പിടിഎ & സ്റ്റാഫ് |
| ❖ വിവിധ ഭാവങ്ങളോടെയുള്ള കഥാവായന പരിശീലിപ്പിക്കുന്നതിന്. | ❖ കഥയരങ്ങ് – മെന്ററിംഗ് ഗ്രൂപ്പുകളിലെ അധ്യാപകരുട നേതൃത്വത്തിൽ കുട്ടികളെക്കൊണ്ട് അവർ വായിച്ച പുസ്തകത്തിലെ കഥ പറയിക്കുന്നു. വീഡിയോ എടുത്ത് സോഷ്യൽ മീഡിയയിൽ പ്രചരിപ്പിക്കുന്നു. | ജൂലൈ | എല്ലാ അധ്യാപകരും | |

# ACADEMIC MASTER PLAN 2025 - 2026

# ENGLISH

**STD : UP**

| Aim | Activities | Month | Responsibility |
|---|---|---|---|
| ❖ To Encourage Reading. Develop basic reading writing, listening and speaking skills. | ❖ Divide students into small groups and provide them with age appropriate text such as short stories or excerpts from novels. | June - January | |
| ❖ Expand vocabulary through reading and writing. | ❖ Practicing four line writing. | June - March | |
| ❖ To make interest in speaking. | ❖ Conducting English assembly on every Wednesday. | June - March | |
| ❖ To develop writing skills introduce grammatical concept such as<br>: Parts of speech<br>: Tenses | ❖ Providing brief notes and practice in the classroom itself, about the topic. | September - January | |
| ❖ Focus on sentence structure, punctuation and grammar. | ❖ Practice for simple creative writing tasks like simple poetry, short stories. | September - January | |

## അക്കാദമിക് മാസ്റ്റർപ്ലാൻ

### ഗണിതം

**STD : UP**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ❖ അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തുന്നു. | ❖ ഗണിത ശിൽപ്പശാല കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജൂലൈ | ഗണിത അധ്യാപകർ | |
| ❖ ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ | ❖ ഗണിതത്തിൽ താൽപര്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റുമുള്ള അധ്യാപകർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു. | സെപ്തംബർ | ഗണിത അധ്യാപകർ | |
| ❖ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ❖ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് എളുപ്പത്തിൽ കുട്ടികളിലേക്ക് എത്തിക്കുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

# അക്കാദമിക് മാസ്റ്റർപ്ലാൻ

## അടിസ്ഥാനശാസ്ത്രം

**STD : UP**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ❖ സംഘപഠനത്തിലൂടേയും, സഹവർത്തനത്തിലൂടേയും ശാസ്ത്ര പഠന സാമഗ്രികൾ നിർമ്മിക്കൽ<br>❖ വിദ്യാർത്ഥികളുടെ സഹജമായ കഴിവുകൾ പ്രവർത്തനാധിഷ്ഠിതമായ പഠനത്തിലൂടെ വികസനത്തിന് അവസരം. | ❖ Explore & Learn:<br>പ്രാദേശിക ശാസ്ത്ര പ്രവർത്തകന്റെ നേതൃത്വത്തിൽ ഏകദിന ശാസ്ത്ര ശിൽപ്പശാലയിൽ ശാസ്ത്ര പഠനോപകരണങ്ങൾ നിർമ്മാണം. | ഒരു ദിവസം | സയൻസ് ക്ലബ്ബ് | 3,000 |

# അക്കാദമിക് മാസ്റ്റർപ്ലാൻ

## സോഷ്യൽ സയൻസ്

**STD : UP**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ❖ പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കി മാറ്റുക. | **Virtual Field Trip**<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുക. | ജൂൺ മുതൽ സെപ്തംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സോഷ്യൽ സയൻസ് ക്ലബ്ബ് |
| ❖ ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭയിൽ രക്ഷിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു. | ജൂലൈ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# അക്കാദമിക് മാസ്റ്റർപ്ലാൻ

## ഹിന്ദി

**STD : UP**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല |
|---|---|---|---|---|
| ❖ എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർദ്ധിപ്പിക്കൽ. CWSN, SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ. | ❖ കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ വാരം | 5, 6, 7 | ഹിന്ദി അധ്യാപകർ |
| | ❖ കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന പ്രഒക്തത്തനങ്ങൾ. പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. CWSN, SLOW LEARNERS കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തന പാക്കേജ്. | ജൂൺ രണ്ടാം വാരം | 5, 6, 7 | ഹിന്ദി അധ്യാപകർ, മറ്റ് ഭാഷാധ്യാപകർ |
| ❖ | ❖ ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക. ഹിന്ദിയിൽ എണ്ണം, ആഴ്ച, മാസം എന്നിവയുടെ ദൈനംദിന അവതരണം. | പ്രതിദിനം | 5, 6, 7 | ഹിന്ദി അധ്യാപകർ |
| ❖ | ❖ CWSN, SLOW LEARNERS കുട്ടികൾക്കായി പ്രത്യേകം പസിലു | ആഴ്ചയിൽ ഒരു | 5, 6, 7 | ഹിന്ദി അധ്യാപകർ |

| | | | | |
|---|---|---|---|---|
| | കൾ, ഐസിടി മുഖാന്തിരം പല വർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം. | പ്രാവശ്യം | | |
| ❖ | ❖ ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ആഴ്ചയിൽ ഒരു പ്രാവശ്യം | 5, 6, 7 | ഹിന്ദി അധ്യാപകർ |
| ❖ | ❖ ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക. | ദിനാചരണവുമായി ബന്ധപ്പെട്ട് | 5, 6, 7 | ഹിന്ദി അധ്യാപകർ |
| ❖ | ❖ കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | 5, 6, 7 | ഹിന്ദി അധ്യാപകർ |
| ❖ | ❖ പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം | 5, 6, 7 | ഹിന്ദി അധ്യാപകർ |
| ❖ | ❖ ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം.<br>❖ ഹിന്ദി ഡോക്യുമെന്ററി സിനിമ കാണാനുള്ള അവസരം.<br>❖ വാർത്തകൾ കാണാനുള്ള അവസരം | ആറ് മാസം | 5, 6, 7 | ഹിന്ദി അധ്യാപകർ, ക്ലാസ്സ് അധ്യാപകർ, മറ്റ് അധ്യാപകർ |
| ❖ | ❖ കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തിക്കൊണ്ട് എഐ ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തന പാക്കേജുകൾ. | ആറ് മാസം | 5, 6, 7 | ഹിന്ദി അധ്യാപകർ, ക്ലാസ്സ് അധ്യാപകർ, മറ്റ് അധ്യാപകർ |

# അക്കാദമിക് മാസ്റ്റർപ്ലാൻ

## അറബിക്

**STD : UP**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ്സ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ❖ അക്ഷരങ്ങൾ കൂട്ടി വായിക്കാൻ പഠിക്കുന്നു. | ❖ അക്,രവായന<br>❖ ക്ലാസ് വായന<br>❖ റീഡിങ്ങ് കാർഡ്<br>❖ അക്ഷര കളികൾ | I – II<br>III-IV<br>III-IV<br>1-II | അധ്യാപകർ | |
| ❖ വാചകങ്ങൾ കൂട്ടി വായിക്കാനുള്ള ശേഷി നേടുന്നു. | ❖ റീഡിങ്ങ് കാർഡ്<br>❖ മാഗസിൻ വായന<br>❖ വായന മത്സരങ്ങൾ<br>❖ ലൈബ്രറി വായന<br>❖ ഇ വായന | III-IV<br>V-VII<br>III-VII<br>III-VII<br>III-VII | അധ്യാപകർ | |
| ❖ അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം പകരുന്നു. | ❖ സംഭാഷണങ്ങൽ കേൾപ്പിക്കുന്നു.<br>❖ റോൾ പ്ലേ<br>❖ ഇ ടെസ്റ്റ്<br>❖ ലാംഗ്വേജ് ലാബ്<br>❖ അറബിക് അസംബ്ലി | III-VII | അധ്യാപകർ | |
| ❖ എഴുത്തിന്റെ പരിപോഷണം | ❖ അക്ഷരങ്ങൾ ഉറപ്പിക്കൽ<br>❖ കൂട്ടി എഴുത്ത്<br>❖ അക്ഷരക്കാർഡ് നിർമ്മാണം<br>❖ ഇ മാഗസിൻ<br>❖ ഡിജിറ്റൽ ചുമർപത്രം | III-IV<br>III-II<br>II<br>V-VII<br>V-VII | അധ്യാപകർ | |
| ❖ വാർത്തകൾ കേൾക്കാനും മനസ്സിലാക്കാനും സ്ധിക്കുന്നു. | ❖ അറബി ന്യൂസ് കേൾക്കൽ<br>❖ ഹമദാനിയ ടൈംസ് | V-VII | അധ്യാപകർ<br>രക്ഷിതാവ് | |

# അക്കാദമിക് മാസ്റ്റർപ്ലാൻ

## സംസ്കൃതം

**STD : UP**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ❖ ഇന്ത്യയിലെ ഔദ്യോഗിക ഭാഷ കളിൽ ഒന്നാണ് സംസ്കൃതം.<br>❖ യു.പി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദ ങ്ങളും ഉറപ്പിക്കൽ | ❖ ഭാഷാ ജ്ഞാനം<br>1. അക്ഷരം എഴുത്ത്<br>2. ചിഹ്നം ഉറപ്പിക്കൽ<br>3. അക്ഷര കാർഡ്<br>4. ക്ലാസിക്കൽ അക്ഷരമാല പ്രദർശനം<br>5. വാക്കുകൾ എഴുതിയ കാർഡ്<br>❖ പറയാം പഠിക്കാം<br>1. ചിത്രങ്ങളുടെ പേര് പറയൽ<br>2. ചിത്ര കഥകൾ<br>3. ലഘു സംഭാഷണങ്ങൾ നിത്യ ജീവിതത്തിൽ ഉപയോഗി ക്കുന്ന സംസ്കൃത പദങ്ങൾ | ജൂൺ ആഗസ്റ്റ് | അക്ഷര ചാർട്ട്, പാഠപുസ്തകം | പിടിഎ, അധ്യാപിക |
| ❖ വീട് ഒരു പരീക്ഷ ണശാല (കാണു ന്നതും കേൾക്കു ന്നതും ഉപയോഗി ക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃത ത്തിൽ പഠിക്കുക.) | ❖ വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>❖ ഐ.സി.ടി സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്തംബർ ഒക്ടോബർ | സംസ്കൃതം നിഘണ്ടു | അധ്യാപിക |
| ❖ മത്സരപരീക്ഷ കൾക്ക് തയ്യാറാ ക്കൽ | ❖ എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>❖ മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ മാർച്ച് | ക്ലാസ് റൂം | അധ്യാപിക |

# അക്കാദമിക് മാസ്റ്റർപ്ലാൻ

## ഉർദു

STD : UP

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ❖ കേൾവി | ഉറുദു കവിതകൾ, കഥകൾ കേൾപ്പിക്കുന്നു. അക്ഷര ഗാനം കേൾപ്പിക്കുന്നു. ഉച്ചത്തിൽ ചൊല്ലുന്നു. | 6 മാസം | അധ്യാപിക കുട്ടികൾ | |
| ❖ പഠേം ആഗെ ബഢേം ഉർദു വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ, ബാലമാസികകൾ, വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ. | വിവിധ ദിനാചരണങ്ങളിൽ | അധ്യാപിക, ഉർദു ക്ലബ്ബ് രംഗങ്ങൾ | |
| ❖ മേരേ അൽഫാസ്. ഉർദി കയ്യെഴുത്ത് മാഗസിൻ | രചനാശേഷി വളർത്തൽ, ഉർദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കയ്യെഴുത്ത് എന്നീ ലക്ഷ്യങ്ങൾ പൂർത്തീകരിക്കാനും കുട്ടികളിലെ സർഗ്ഗാത്മകത വളർത്തുന്നതിനും. | ടേമിൽ ഒന്നു വീതം | അധ്യാപിക | |
| ❖ ഖസാന എ ഇൽമ്. പൊതുവിജ്ഞാനം | പൊതുവായതും ഉർദുവിൽ ഉള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. | ദിനാചരണങ്ങളിൽ | ഉർദു ക്ലബ്ബ് അംഗങ്ങൾ | |
| ❖ ഉർദു ദിനം | ടാലന്റ് മീറ്റ്, അക്ഷര മരം, ഭാഷ സെമിനാർ എന്റെ പതിപ്പ് | അതത് ദിനങ്ങളിൽ | അധ്യാപിക കുട്ടികൾ | |
| ❖ ദിനാചരണങ്ങൾ | ഭാഷാശേഷി വളർത്തുന്നതിനുതകുന്ന രീതിയിൽ വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കുന്നു. | | | |